II ഇ.ബി. XV- കേരള നിയമസഭ/X-3

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജനുവരി 31, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

9(*61) ശബരിമല ഇടത്താവള സമുച്ചയം പദ്ധതി

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, തീർഥാടകർക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കുന്നതിനായി കിഫ്ബി സഹായത്തോടെ നിലയ്ക്കൽ, എരുമേലി, ചിറങ്ങര, ചെങ്ങന്നൂർ, കഴക്കൂട്ടം, മണിയങ്കോട് എന്നിവിടങ്ങളിൽ ഇടത്താവളം നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. പുനലൂരിൽ ഇടത്താവളത്തിനുള്ള അടിസ്ഥാന സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പമ്പ മുതൽ സന്നിധാനം വരെ മെറ്റീരിയൽസ്

കൊണ്ടുപോകുന്നതിനുള്ള ശബരിമല റോപ് വേ നിർമാണത്തിനായി കൽക്കട്ട ആസ്ഥാനമായുള്ള M/s. Damodar Ropeway and Infra Ltd.-നെ തെരഞ്ഞെടുക്കുകയും പ്രസ്തുത ഏജൻസിയുമായി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ ഷെയർ അടിസ്ഥാനത്തിലുള്ള കരാറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ആദ്യ അഞ്ച് വർഷം പ്രതിവർഷം 12 ലക്ഷം രൂപയും അതിനുശേഷം ഓരോ രണ്ട് വർഷം കൂടുമ്പോഴും അഞ്ച് ശതമാനം വർദ്ധനയും നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനാൽ റോപ് വേയുടെ നിർമാണവുമായി ബന്ധപ്പെട്ട് സർക്കാരിനോ, ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്കോ തിരുവിതാംകൂർ ദേവസ്വം ബോർഡിനോ യാതൊരുവിധ ചെലവും വഹിക്കേണ്ടിവരുന്നില്ല. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം M/s. Eighteenth Step Damodar Car Ltd. എന്ന പേരിൽ കൺസോർഷ്യം രൂപീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. റോപ് വേ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതി സ്വമേധയാ എടുത്ത കേസ് പെന്റിംഗിലാണ്. 2023-24 സാമ്പത്തിക വർഷത്തിൽ എരുമേലി മാസ്റ്റർ പ്ലാനിനുവേണ്ടി 10 കോടി രൂപ വകയിരുത്തുകയും കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ശബരിമല

മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഹൈ പവർ കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്. ശബരിമല വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ തടസ്സങ്ങൾ നീക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭക്തജന തിരക്ക് കണക്കിലെടുത്ത് ശബരിമലയിലെ ദർശനസമയം ദീർഘിപ്പിക്കുകയും ഭിന്നശേഷിക്കാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ക്യൂ സിസ്റ്റം ഏർപ്പെടുത്തുകയും നിലയ്ക്കലിലെ പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ശബരിമലയുമായി ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

10(*62) <u>ശബരിമല വികസന പദ്ധതികൾ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അൻപത് വർഷത്തെ വികസന പ്രവർത്തനങ്ങൾ മുന്നിൽ കണ്ട് തയ്യാറാക്കി നടപ്പാക്കിവരുന്ന ബൃഹത് പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാനെന്നും ഓരോ വർഷവും നടപ്പിലാക്കേണ്ട വികസന പദ്ധതികൾ ഉന്നതാധികാര സമിതി

മുൻഗണനാക്രമം നിശ്ചയിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയാണ് ചെയ്യുന്നതെന്നും സഭയെ അറിയിച്ചു. സംസ്ഥാന ബജറ്റിൽ അനുവദിക്കുന്ന ഫണ്ടും സ്വദേശ് ദർശൻ പദ്ധതിയിലുൾപ്പെടുത്തി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് ലഭിച്ച കേന്ദ്ര ഫണ്ടുമാണ് ശബരിമല വികസന പദ്ധതിക്കായി ഉപയോഗപ്പെടുത്തുന്നത്. ഭക്തജനത്തിരക്ക് നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഭക്തർക്കാവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ശബരിമലയിലും ഇടത്താവളങ്ങളിലും ആശുപത്രികളും എമർജൻസി മെഡിക്കൽ കെയർ സെന്ററുകളും സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട ശബരി ഇന്റർനാഷണൽ ഗ്രീൻഫീൽഡ് എയർപോർട്ടിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്നും എരുമേലി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും എരുമേലി മാസ്റ്റർ പ്ലാനിൽ റിംഗ് റോഡ് ഉൾപ്പെടുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11(*63) വെള്ളക്കരത്തിന്റെ വർദ്ധനവ്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ

മറുപടിയിൽ, ഉൽപ്പാദന ചെലവിനെക്കാൾ കുറഞ്ഞ നിരക്കിൽ ജലവിതരണം നടത്തുന്നത് വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമുണ്ടാക്കുമെന്നതിനാലാണ് ലിറ്ററിന് ഒരു പൈസ നിരക്കിൽ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുമ്പോൾ 11.93 രൂപ നഷ്ടമുണ്ടാകുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചെലവ് 24.39 രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രതിമാസം 15 കിലോ ലിറ്റർ വരെ ഉപഭോഗമുള്ള BPL ഉപഭോക്താക്കൾക്ക് സൗജന്യമായി കുടിവെള്ളം നൽകുന്നതുവഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപയുടെ അധിക ബാദ്ധ്യതയുണ്ടായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും 10.57 കോടി രൂപയും സർക്കാർ ഓഫീസുകളിൽനിന്നും 222.12 കോടി രൂപയും മാത്രമാണ് പിരിച്ചെടുക്കാനുണ്ടായിരുന്നത്. 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾപ്രകാരം 6223.76 കോടി രൂപയാണ് വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്, രാസവസ്തുക്കൾ, അറ്റകുറ്റപ്പണികൾക്കുള്ള ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില

വർദ്ധിച്ചതും സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസ് ചെലവുകളും വർദ്ധിച്ചതും ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമായതും വെള്ളക്കരം വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ട്. ക്യാൻസർ രോഗികൾ, കീമോ കഴിഞ്ഞ് തുടർചികിത്സ ആവശ്യമുള്ളവർ, വൃക്കരോഗികൾ, ഡയാലിസിസ് നടത്തുന്നവർ, അവയവമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, ആൻജിയോപ്ലാസ്റ്റി/ബൈപ്പാസ് സർജറിക്ക് വിധേരായവർ, ഓട്ടിസം ബാധിച്ചവർ എന്നിവരെയും ഭിന്നശേഷിക്കാർ അധിവസിക്കുന്ന സ്ഥാപനങ്ങളെയും വെള്ളക്കര വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12(*64) <u>കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ

കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ 16 മത്സ്യഗ്രാമങ്ങളിൽ 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 'Promotion of sustainable fisheries and livelihood of Kerala State through artificial reef installation' എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY)-യിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളിലായി 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതിൽ 2700 കൃത്രിമപ്പാരുകൾ തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ നിക്ഷേപിക്കുകയും ബാക്കിയുള്ളവ നിക്ഷേപിച്ചുവരികയുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങൾ അണ്ടർവാട്ടർ സ്റ്റഡിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ കൃത്രിമപ്പാര് നിക്ഷേപിച്ചതുവഴി മത്സ്യസമ്പത്ത് വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പൊതുജലാശയങ്ങളിലും പുഴകളിലും

ഡാമുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുമുള്ള പ്രവർത്തനം നടന്നുവരികയാണെന്നും ആവാസവ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തുന്നതിനും മത്സ്യം-കക്ക സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ജനകീയ മത്സ്യകൃഷി വിജയകരമായി നടപ്പിലാക്കുന്നുണ്ടെന്നും അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം തടയുന്നതിന് പട്രോളിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.